**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിൽ വാർഡൻ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിൽ വാർഡൻ (മെയിൽ/ഫീമെയിൽ) തസ്തികയിൽ ഏറ്റവും ഒടുവിൽ നിയമനം നടത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിൽ വാർഡൻ (മെയിൽ/ഫീമെയിൽ) തസ്തികയിൽ ഏറ്റവും ഒടുവിൽ നിയമനം നടന്നത് 24/03/2025 തീയതിയിലാണ്. (ആലപ്പുഴ ജില്ലയിൽ ഫീമെയിൽ വാർഡൻ തസ്തികയിൽ) |
| (ബി) | പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ നികത്താനുണ്ടെന്ന് അറിയിക്കാമോ; | (ബി) | 33 ഒഴിവുകൾ നിലവിൽ നികത്താനുണ്ട്. 30 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 03 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഇതിൽ എത്ര ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ നിലവില്ലാത്തത് മൂലമാണോ നിയമനം നടത്താൻ കഴിയാത്തതെന്ന് അറിയിക്കാമോ; അല്ലെങ്കിൽ ആയതിന്റെ സാങ്കേതിക, നിയമപരമായ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ഡി) | പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ നിലവിലുണ്ട്.വിവിധ ജില്ലകളുടെ ഫീമെയിൽ വാർഡൻ തെരഞ്ഞെടുപ്പിനായി സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ പ്രവൃത്തി പരിചയമുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഭേദഗതി നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഷെഡ്യൂൾഡ് കാസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള 05 തസ്തികകളുടെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന ഫയലിൽ ഉൾപ്പെടുത്തി ടി തസ്തികയുടെ നിയമന ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (ഇ) | മറുപടി (ഡി) പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത റൂളിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; കരടിന് നിയമ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എഫ്) | മറുപടി (ഡി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ജി) | പ്രസ്തുത കരട് റൂൾ നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ജി) | മറുപടി (ഡി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ